# പാലക്കാട് ജില്ലാ കളക്ടറുടെ നടപടിക്രമം

(ഹാജർ: മൃൺമയി ജോഷി ഐ.എ.എസ്)

വിഷയം: പാലക്കാട് ജില്ല - ജില്ലാതല ജൈവ വൈവിധ്യ കോർഡിനേഷൻ കമ്മിറ്റി രൂപീകരിച്ച് - ഉത്തരവാക്കുന്നു.

പരാമർശം: (1) 20.10.2022 -ലെ സ.ഉ(സാധാ) 2550/2022/എൽ.എസ്.ജി.ഡി നമ്പർ ഉത്തരവ്.
(2) 14.12.2022 -ലെ കേരള സംസ്ഥാന ജൈവ വൈവിധ്യ ബോർഡ് മെമ്പർ സെക്രട്ടറിയുടെ 1246/എ.8/2022 കെ.എസ്.ബി.വി നമ്പർ കത്ത്.
(3) 22.12.2022 -ന് ചേർന്ന ജില്ലാ ആസൂത്രണ സമിതി യോഗ തീരുമാനം.

**ഉത്തരവ് നം. 14/2023/കെ.സി.ബി.ബി/ഡി.പി.ഒ/പി.കെ.ഡി തീയതി: 13/01/2023**

സംസ്ഥാനത്തെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും രൂപീകരിച്ചിട്ടുള്ള ജൈവ വൈവിധ്യ പരിപാലന സമിതികൾക്ക് ആവശ്യമായ വിദഗ്ദ ഉപദേശം നൽകുന്നതിനും പ്രവർത്തനം വിലയിരുത്തുന്നതിനും ജില്ലാ ആസൂത്രണ സമിതിയുടെ നേതൃത്വത്തിൽ ജില്ലാതല ജൈവ കോർഡിനേഷൻ കമ്മിറ്റി പരാമർശം (1) പ്രകാരം രൂപീകരിക്കുന്നതിന് ഉത്തരവായിട്ടുണ്ട്. സൂചന (2) പ്രകാരം എല്ലാ ജില്ലകളിലും ജൈവ വൈവിധ്യ കോർഡിനേഷൻ കമ്മിറ്റി രൂപീകരിക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. മേൽ സൂചന (3) യോഗ തീരുമാന പ്രകാരം ജില്ലാതല ജൈവ വൈവിധ്യ കോർഡിനേഷൻ കമ്മിറ്റിയിലേയ്ക്ക് സ്ഥിരം ക്ഷണിതാക്കളായി 5 വിദഗ്ദരെ നാമനിർദ്ദേശം ചെയ്തിട്ടുണ്ട്.

ആയതിൻ പ്രകാരം പാലക്കാട് ജില്ലയിലെ ജൈവ വൈവിധ്യ പരിപാലന സമിതികളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി വിലയിരുത്തുന്നതിനും നിർദ്ദേശങ്ങൾ യഥാസമയം നൽകുന്നതിനും താഴെ പറയും പ്രകാരം ജില്ലാതല ജൈവ വൈവിധ്യ കോർഡിനേഷൻ കമ്മിറ്റി രൂപീകരിച്ച് ഉത്തരവാക്കുന്നു.

**ജില്ലാതല ജൈവ വൈവിധ്യ കോർഡിനേഷൻ കമ്മിറ്റി**

| | | |
|---|---|---|
| ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്ണ്‍ | : | ചെയർപേഴ്സണ്‍ |
| ജില്ലാ പ്ലാനിംഗ് ഓഫീസർ | : | കൺവീനർ |
| ജില്ലാ കോർഡിനേറ്റർ, കേരള സംസ്ഥാന ജൈവ വൈവിധ്യ ബോർഡ് | : | ജോയിന്റ് കൺവീനർ |
| പ്രിൻസിപ്പൽ കൃഷി ഓഫീസർ | : | അംഗം |
| ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ / അസിസ്റ്റന്റ് കൺർവേറ്റർ ഓഫ് ഫോറസ്റ്റ് | : | അംഗം |
| ജില്ലാ ഫിഷറീസ് ഓഫീസർ | : | അംഗം |
| ജില്ലാ മൃഗസംരക്ഷണ ഓഫീസർ | : | അംഗം |
| പ്രൊജക്ട് ഡയറക്ടർ, ദാരിദ്ര ലഘൂകരണ യൂണിറ്റ് (PAU) | : | അംഗം |
| ഡെപ്യൂട്ടി ഡയറക്ടർ ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് | : | അംഗം |
| ശ്രീ.പങ്കജാക്ഷൻ.പി, അസിസ്റ്റന്റ് പ്രൊഫസർ, ജോഗ്രഫി ഡിപ്പാർട്ട്മെന്റ്, ചിറ്റൂർ ഗവൺമെന്റ് കോളേജ് | : | സ്ഥിരം ക്ഷണിതാവ് |

| | | |
|---|---|---|
| ഡോ.പ്രീതി.എൻ, അസിസ്റ്റന്റ് പ്രൊഫസർ & എച്ച്.ഒ.ഡി, സുവോളജി ഡിപ്പാർട്ട്മെന്റ്, എൻ.എസ്.എസ്. കോളേജ്, ഒറ്റപ്പാലം | : | ,, |
| അഡ്വ. രതീഷ് ഗോപാലൻ, പരിസ്ഥിതി നിയമ വിദഗ്ദൻ, പാർവ്വതി വിഹാർ, നിയർ സിവിൽസ്റ്റേഷൻ, പാലക്കാട് | : | ,, |
| ഡോ.സോജൻ ജോസ്, അസിസ്റ്റന്റ് പ്രൊഫസർ, ബോട്ടണി ഡിപ്പാർട്ട്മെന്റ് ഗവൺമെന്റ് കോളേജ്, ചിറ്റൂർ | : | ,, |
| ശ്രീ.ബി.എം.മുസ്തഫ, Rt. പ്രൊഫസർ, 10/275, മൂച്ചിക്കാട്, പനയൂർ പി.ഒ, പൊൽപ്പുള്ളി | : | ,, |
| ശ്രീ.കെ.പ്രേംകുമാർ, ഗ്രാമ പഞ്ചായത്ത് അസോസിയേഷൻ പ്രസിഡന്റ് | : | ,, |
| ശ്രീ.ഇ.ചന്ദ്രബാബു, ഗ്രാമ പഞ്ചായത്ത് അസോസിയേഷൻ സെക്രട്ടറി | : | ,, |
| ശ്രീ.വി.സേതുമാധവൻ, ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ പ്രസിഡന്റ് | : | ,, |
| ശ്രീ.ടി.കെ.ദേവദാസ്, ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ സെക്രട്ടറി | : | ,, |
| ശ്രീ.പി.രാമചന്ദ്രൻ, ചെർപ്പുളശ്ശേരി നഗരസഭ ചെയർമാൻ | : | ,, |

മേൽ പറഞ്ഞ കമ്മിറ്റി യഥാസമയം കൂടേണ്ടതും ജൈവവൈവിധ്യ നിയമം 2002, വകുപ്പ് 41(1), കേന്ദ്ര ജൈവവൈവിധ്യ ചട്ടങ്ങൾ 2004 ചട്ടം 22, സംസ്ഥാന ജൈവവൈവിധ്യ ചട്ടങ്ങൾ 2008 ചട്ടം 20(1) എന്നിവ പ്രകാരമുള്ള ചുമതലകൾ നിർവ്വഹിക്കുന്നതിനുള്ള ജൈവ വൈവിധ്യ പരിപാലന സമിതികളുടെ (ബി.എം.സികൾ) പ്രവർത്തനങ്ങൾ ജില്ലാതലത്തിൽ ഏകോപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഒപ്പ്)
ജില്ലാ കളക്ടർ

പകർപ്പ് :

1. എല്ലാ അംഗങ്ങൾക്കും
2. മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന ജൈവവൈവിധ്യബോർഡ്.
3. സി.എ ടു ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൺ
4. സി.എ ടു ജില്ലാ ആസൂത്രണ സമിതി മെംബർ സെക്രട്ടറി
5. സി.എ ടു ജില്ലാ പ്ലാനിംഗ് ഓഫീസർ
6. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
7. ഫയൽ, 8. കരുതൽ ഫയൽ

ഉത്തരവിൻപ്രകാരം

ജില്ലാ പ്ലാനിംഗ് ഓഫീസർ